# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

## പ്രവചന കാലയളവ് 12 .11.2022 മുതൽ 16.11.2022 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 45/2022,(90) വെള്ളിയാഴ്ച | തീയ്യതി 11/11/2022 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 12.11.2022 | 13.11.2022 | 14.11.2022 | 15.11.2022 | 16.11.2022 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 8 | 20 | 12 | 6 | 7 |
| ഉയർന്ന താപനില (°C) | 31 | 31 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 91 | 91 | 91 | 91 | 91 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 6 | 2 | 2 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 340 | 340 | 180 | 250 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ് : ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

**അടുത്ത് അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2022 നവംബർ 12 | 2022 നവംബർ 13 | 2022 നവംബർ 14 | 2022 നവംബർ 15 | 2022 നവംബർ 16 |
|---|---|---|---|---|
| നേരിയ മഴ | സാമാന്യം ഭേദപ്പെട്ട മഴ | നേരിയ മഴ | നേരിയ മഴ | നേരിയ മഴ |

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ : വിളകളിൽ രോഗകീടങ്ങൾ പടരാതെ നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ എടുക്കുക.

| വിളകൾ | രോഗകീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് (മുണ്ടകൻ) | പോള ചീയൽ | ഹെക്സകോനാസോൾ 5 ഇ സി 1.5 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുക |
| തെങ്ങ് | ചെല്ലിക്കുത്ത് | കൃഷിയിടം വൃത്തിയായി സൂക്ഷിക്കുക, കൂമ്പിനു ചുറ്റുമുള്ള 2-3 ഇല കവിളുകളിൽ 45 ദിവസം കൂടുമ്പോൾ മണലും പാറ്റാഗുളികയും അല്ലെങ്കിൽ തുല്യ അളവ്മണലും വേപ്പിൻപിണ്ണാക്കും ചേർത്ത് ഇടുക. മണ്ട വൃത്തിയാക്കിയ ശേഷം 20ഗ്രാം കാർട്ടാപ്പ്ഹൈ ഡ്രോക്ലോറൈഡ് 4G / ഫിപ്രോനിൽ 0.3G / കാർബോസൽഫാൻ 6G എന്നിവയിലേതെങ്കിലും 200 ഗ്രാം മണലുമായി ചേർത്തു കൂമ്പിനു ചുറ്റുമുള്ള 2-3 ഇല കവിളുകളിൽ ഇടുക. വർഷത്തിൽ മൂന്നുപ്രാവശ്യം ചെയ്യാവുന്നതാണ്. മീൻ വല കൂമ്പോലക്കു ചുറ്റും കെട്ടുകയും ഇളക്കവിളിൽ ഇറക്കിവെക്കുകയും ചെയ്യുക. |
| ശീതകാല പച്ചക്കറികൾ | നടീൽ | ഒരു മാസം പ്രായമായ തൈകൾ (സെൻറ്റിനു തൊണ്ണൂറു മുതൽ നൂറു തൈകൾ എന്ന നിരക്കിൽ) കൃഷിയിടത്തേക്കു അല്ലെങ്കിൽ ഗ്രോ ബാഗുകളിലേക്കു പറിച്ചു നടാവുന്നതാണ്. സെൻറ്റിനു 100 കി. ഗ്രാം. ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ചാണകം അല്ലെങ്കിൽ കമ്പോസ്റ്റ് അടിവളമായി ചേർക്കാവുന്നതാണ്. നവംബർ മൂന്നാം ആഴ്ചക്കു മുൻപേ പറിച്ചു നടീൽ പൂർത്തിയാക്കുക |

മത്സ്യ കൃഷി-മത്സ്യ കർഷകർക്ക് കുളമൊരുക്കുവാനുള്ള സമയമാണ്. തിലപ്പിയ, അനാബസ് എന്നീ മത്സ്യങ്ങൾ ആറു മാസം കൊണ്ട് വിളവെടുക്കാൻ കഴിയുന്നവയാണ്. ചെറിയ മത്സ്യ കുഞ്ഞുങ്ങളെ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന ഹാപ്പയിൽ നിക്ഷേപിച്ചു വെള്ളപ്പൊക്കത്തിൽ നിന്നും സംരക്ഷിക്കാവുന്നതാണ്.